സഹായത്തോടെ ധാന്യബാങ്കുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ഇതിനുപുറമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾവഴി നിരവധി പട്ടികവർഗ്ഗ ക്ഷേമ പരിപാടികൾ നടപ്പിലാക്കി വരുന്നു.

പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കി വന്നിരുന്ന ഈ പദ്ധതികൾ ഇപ്പോൾ തദ്ദേശ സ്വയംഭരണ വകുപ്പ് മുഖാന്തിരമാണ് നടപ്പിലാക്കി വരുന്നത്.

ആദിവാസികളുടെ ഭൂമി കൈവശം വച്ചിരിക്കുന്നവർക്കെതിരെ നടപടി

52 [5428] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസികൾക്കായി നൽകിയ ഭൂമിയിൽ എത്ര ഏക്കർ ഭൂമി അന്യ കൈവശമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ആദിവാസികൾക്ക് നൽകിയ ഭൂമി കൈവശം വച്ചിരിക്കുന്നവരിൽനിന്ന് ആയത് ഒഴിപ്പിച്ച് ആദിവാസികൾക്ക് മടക്കിക്കൊടുക്കുന്നതിന് ഈ സർക്കാർ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ആദിവാസികളുടെ ഭൂമി ഒഴിപ്പിച്ചു കിട്ടണം എന്നാവശ്യപ്പെട്ട് ആദിവാസി വിഭാഗങ്ങളിൽപ്പെടുന്നവർ സമർപ്പിച്ചിട്ടുള്ള പരാതികളിൽ എന്തു നടപടി സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ആദിവാസികൾക്കായി കഴിഞ്ഞ മൂന്നു വർഷത്തിനിടയിൽ നൽകിയ ഭൂമി അന്യ കൈവശമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ മുമ്പ് റവന്യൂ വകുപ്പിൽനിന്നും അനുവദിച്ച ഭൂമി അന്യകൈവശമുണ്ടോ എന്ന വിവരം റവന്യൂ വകുപ്പി നോടാരായാവുന്നതാണ്.

(ബി, സി) ഭൂമി നഷ്ടപ്പെട്ട ആദിവാസികൾക്ക് അവരുടെ ഭൂമി തിരികെ നൽകുന്ന തിനായി 1975-ൽ പാസ്സാക്കിയ നിയമവും 1999-ലെ നിയമവും സുപ്രീംകോടതിയുടെ പരിഗണനയിൽ ഇരിക്കുകയാണ്. കോടതി അനുമതി നൽകിയാൽ മാത്രമേ ആദിവാസി കൾക്ക് നഷ്ടപ്പെട്ട ഭൂമി തിരികെ ഏറ്റെടുത്തു നൽകുന്നതിനുള്ള നടപടി കൈക്കൊള്ളാൻ കഴിയൂ. സുപ്രീംകോടതിയുടെ അന്തിമ വിധിക്കനുസൃതമായി പരാതികളിൽ നടപടി കൈക്കൊള്ളുന്നതാണ്.

ഉപപദ്ധതി തയ്യാറാക്കുന്നതിൽ ഊരുകൂട്ടത്തിനുള്ള പങ്ക്

53 [5429] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ ഉപപദ്ധതി തയ്യാറാക്കുന്നതിൽ ഊരുകൂട്ടത്തിന് നൽകിയിട്ടുള്ള പങ്ക് വെളിപ്പെടുത്താമോ;

(ബി) ഇത് സംബന്ധിച്ച് സർക്കാർ പുതിയ മാർഗ്ഗരേഖകളെന്തെങ്കിലും പുറപ്പെടു വിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly